

# മണിമുത്തുകൾ

# ഉള്ളടക്കം


| | | | |
|---|---|---|---|
| ലിറ്റിൽ കൈറ്റ്സ് - ഐ ടി ലോകത്തേക്കുള്ള കവാടം | ലേഖനം | സിഫ ബിജ്നു | 1 |
| സി വി ശ്രീരാമൻ | സാഹിത്യകാരനെ പരിചയപ്പെടുത്തൽ | അനുമോൾ രാജു | 2 |
| മനുഷ്യനെ തിന്നുന്ന പ്ളാസ്റ്റിക്ക് | ലേഖനം | ഐശ്വര്യ പി എസ് | 3 |
| ആടുകളും കുറുക്കനും | കഥ | ആര്യ രാധാകൃഷ്ണൻ | 4 |
| എന്റെ നാട് കേരളം | കവിത | അക്ഷര ശ്രീകുമാർ | 5 |

## ലിറ്റിൽ കൈറ്റ്സ് - ഐ ടി ലോകത്തേക്കുള്ള കവാടം

സിഫ ബിജ്‌ന

ലിറ്റിൽ കൈറ്റ്സ് എന്ന സ്കൂൾ പാഠ്യപദ്ധതിയിൽ അംഗമായതിനുശേഷമാണ് ഞാൻ കമ്പ്യൂട്ടറിനെ അടുത്തറിയുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ ഓരോ ക്യാംപും കമ്പ്യൂട്ടറിനെ അടുത്തറിയുന്നതിന് വഴിയൊരുക്കി.

ഗെയിം നിർമ്മിക്കൽ, മോർഫിംഗ് ചെയ്യൽ, വീഡിയോകളിൽ ശബ്ദം നൽകൽ തുടങ്ങിയവയും, പ്രോഗ്രാമിംഗ് ഘട്ടങ്ങളും ക്യാംപിൽ നിന്ന് ഞങ്ങൾക്ക് കൂടുതൽ അറിയാൻ കഴിഞ്ഞു. ക്യാംപിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും ഒരുപോലെ ഉത്സാഹം പ്രകടിപ്പിച്ചു. ഉപജില്ലാതല ലിറ്റിൽ കൈറ്റ്സ് ക്യാംപിലാണ് ഞങ്ങൾ പങ്കെടുത്തത്. രസകരമായ പസിൽ ഗെയിമുകളിലൂടെ കേണൽ നിർമ്മാതാവായ ലിനസ് ടോൾവാൾസ്, റിച്ചാർഡ് സ്റ്റാൾമാൻ, ജിമ്മി വെയിൽസ് എന്നിവരെ അറിയാനും, ഐ ടി ലോകത്ത് ഇവരുടെ സംഭാവനകൾ എന്തൊക്കെയെന്നറിയാനും ഈ ക്യാംപ് സഹായകരമായി.ഓരോ പ്രവർത്തനവും വേഗത്തിലും സുഗമമായ വഴികളിലൂടെയും ചെയ്യാൻ ലിറ്റിൽ കൈറ്റ്സ് ക്യാംപും, അദ്ധ്യാപകരും, വിദ്യാർത്ഥി സുഹൃത്തുക്കളും വളരെയധികം സഹായിച്ചു.

## സാഹിത്യകാരനെ പരിചയപ്പെടുത്തൽ
### സി വി ശ്രീരാമൻ
(1933-2007)

അനുമോൾ രാജു

തൃശ്ശൂർ ജില്ലയിൽ ചെറുതുരുത്തിയിൽ ജനിച്ചു . കഥാകൃത്ത്, രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ, കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നു. വാസ്തുഹാര, ഓർമ്മച്ചെപ്പ്, തീർത്ഥക്കാവടി, ദു:ഖിതരുടെ ദു:ഖം , പുറംകാഴ്ച്ചകൾ , ചക്ഷുശ്രുവണഗളസ്ഥമാം തുടങ്ങിയവ കൃതികൾ. കേന്ദ്ര - കേരള സാഹിത്യ അക്കാദമി  അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# മനുഷ്യനെ തിന്നുന്ന പ്ളാസ്റ്റിക്ക്
## ലേഖനം

നമ്മുടെ വീട്ടിലെ ഒരംഗം എന്ന പോലെ വളർന്നുവരികയാണ് പ്ളാസ്റ്റിക്ക്. മണ്ണ് കിളക്കുന്നിടത്ത് നിന്ന് പ്ളാസ്റ്റിക്ക് എടുത്തുകളയണ്ട ഒരു ദുരവസ്ഥയാണ് ഇപ്പോൾ നാം നേരിടുന്നത്. ലോകം മുഴുവൻ പ്ളാസ്റ്റിക്ക് തിങ്ങി നിറഞ്ഞ് നമ്മുടെ ശുദ്ധവായുവുമായി പോരാടിക്കൊണ്ടിരിക്കുന്നു. നമ്മൾ ഉപയോഗിക്കുന്നതിനു പുറമേ നാം കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ വരെ പ്ളാസ്റ്റിക്ക് ആയിക്കൊണ്ടിരിക്കുകയാണ്.

സമൂഹമാധ്യമങ്ങളിൽ ഈയിടെ വൈറലായിക്കൊണ്ടിരിക്കുന്ന ഒരു സംഭവമാണ് ഞാൻ ഇവിടെ വിവരിക്കുന്നത്. രു മനുഷ്യൻ പച്ച ദ്രാവകം ഉപയോഗിച്ച് കാബേജ് മെനഞ്ഞെടുക്കുന്നു. അതു മാത്രമല്ല, പ്ളാസ്റ്റിക്ക് കാരിബാഗുകൾ ഉപയോഗിച്ച് പ്ളാസ്റ്റിക്ക് അരി ഉണ്ടാക്കുന്നതും നാം കാണുന്നുണ്ടല്ലോ. ഇതിന്റെ ദോഷവശങ്ങൾ നമുക്ക് അറിയാമെങ്കിലും പ്ളാസ്റ്റിക്കിന്റെ ഉപയോഗം നാം നിർത്തുന്നില്ല. നമ്മുടെ ഭാവിതലമുറയെതന്നെ പ്ളാസ്റ്റിക്ക് ഉപദ്രവിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഈ ഭൂമിയെ രക്ഷിക്കാൻ നമുക്ക് ചെയ്യാവുന്നത് ആവും വിധം പ്ളാസ്റ്റിക്കിനെ അകറ്റിനിർത്തുക എന്നതാണ്. പ്ളാസ്റ്റിക്ക് ഉപേക്ഷിക്കു നാടിനെ രക്ഷിക്കു എന്ന മുദ്രാവാക്യത്തെ നമുക്കും അന്വർത്ഥമാക്കാം

# ആട്ടുകളും കുറുക്കനും
## കഥ

**ആര്യ രാധാകൃഷ്ണൻ**

ഒരിക്കൽ ഒരിടത്ത് ചങ്ങാതിമാരായ രണ്ട് ആട്ടുകൾ ഉണ്ടായിരുന്നു. കുറുമ്പനും, വെളുമ്പനും. ഇവർ വളരെ സ്നേഹത്തോടെയാണ് ജീവിച്ചിരുന്നത്. എന്നും ഇവർ തീറ്റ തേടി കുന്നിൻമുകളിലേക്ക് പോകുമായിരുന്നു. അങ്ങനെ ഒരു ദിവസം തീറ്റ തേടി പോകുന്ന വഴി ഒരു നിലവിളി കേട്ടു. നിലവിളി കേട്ട് തിരിഞ്ഞുനോക്കിയ വെളുമ്പനാട് പേടിച്ചുപോയി. ഒരു കുറുക്കന്റെ നിലവിളിയായിരുന്നു. കുറുക്കൻ ഒരു കെണിയിൽ പെട്ടിരിക്കുകയായിരുന്നു. കുറുമ്പനും, വെളുമ്പനും കുറുക്കനെ സഹായിക്കാനായി മുന്നോട്ട് പാഞ്ഞു. പക്ഷേ കുറുമ്പന് കുറുക്കനെ സഹായിക്കണമെന്ന് താത്പര്യമില്ലായിരുന്നു. എന്നാൽ വെളുമ്പൻ കുറുക്കനെ സഹായിച്ചു. അങ്ങനെ വെളുമ്പനും കുറുക്കനും ചങ്ങാതിമാരായി. ഒരിക്കൽ കുറുക്കൻ പട്ടിണിയിലായിരുന്നു. കുറുക്കന് ഒരു ബുദ്ധി തോന്നി. തന്റെ ചങ്ങാതിയായ വെളുമ്പനെ തിന്നാമെന്ന് കരുതി. കുറുക്കൻ അതിരാവിലെ വെളുമ്പനെ തന്റെ ഗുഹയിലാക്ക് ക്ഷണിച്ചു. ഈ വിവരം അറിഞ്ഞ കുറുമ്പൻ വെളുമ്പനെ തടഞ്ഞു. പക്ഷേ അതൊന്നും ശ്രദ്ധിക്കാതെ വെളുമ്പൻ കുറുക്കന്റെ ഗുഹയിലാക്ക് പോയി. അവിടെ വച്ച് കുറുക്കൻ വെളുമ്പനെ കൊന്നുതിന്നു. ഈ വിവരം അറിഞ്ഞ കുറുമ്പന് വല്ലാതെ വിഷമമായി.

**ഗുണപാഠം - അമിതമായി ആരേയും വിശ്വസിക്കരുത്.**

# എന്റെ നാട് കേരളം

**കവിത** **അക്ഷര ശ്രീകുമാർ**

നിളേ നിള നിറഞ്ഞൊഴുകും
സത്യ മനോഹരിയെന്റെ കേരളം
നിത്യവും പൂക്കൾ വിടർന്നു വിലസും
നിത്യ സൗഭാഗ്യം നിറഞ്ഞ നാട്

പുകൾ പെറ്റ വഞ്ചി പാട്ടിന്റെ ഈരടി
പൂങ്കാറ്റിലോടി വരുന്ന നാട്
പൂങ്കുയിൽ പാടിപ്പറന്നു നടക്കും
പൂങ്കുയിൽ പാടി വരുന്ന നാട്

തെങ്ങുകളെന്നും നിറഞ്ഞു നിന്ന്
തലയാട്ടി താലോലമാട്ടും നാട്
സത്യവും, നീതിയും തുല്യത പാലിക്കും
ഐശ്വര്യദേവിയാണെൻ കേരളം